**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**2017 മാർച്ച് 15 ലെ മറുപടിക്ക്**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3808**

**വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലിലെ അപാകത**

| ചോദ്യം:ശ്രീ.പി.വി.അൻവർ | ഉത്തരം: ഡോ.റ്റി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും<br>വകുപ്പ് മന്ത്രി |
|---|---|
| (എ) പരിഷ്കരിച്ച സിലബസ് പ്രകാരം എഴുപത് ശതമാനത്തോളം പ്രാക്ടിക്കൽ വരുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ പ്രാക്ടിക്കൽ പഠിപ്പിക്കുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സമാന തസ്തികയായ ഇൻസ്ട്രക്ടർ ഗ്രേഡ് 2/ഡെമോൺസ്ട്രേറ്റർ/ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയുടെ ശമ്പള സ്കെയിലും തമ്മിൽ പാരിറ്റി(തുല്യത) ഉണ്ടായിരുന്നിട്ടും 2004 ലെ ശമ്പള പരിഷ്കരണം മുതൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലിൽ കുറവ് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശമ്പള സ്കെയിൽ തുല്യത വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | പരിഗണനയിലില്ല. |
| (ബി) 1997 ലെ ഏഴാം ശമ്പള പരിഷ്കരണം വരെ വൊക്കേഷണൽ ഇൻസ്ട്രർക്ടർമാരുടെ ശമ്പള സ്കെയിലിന് താഴെയായിരുന്ന പൊതു വിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.എ (ഹൈസ്കൂൾ അസിസ്റ്റന്റ്) ശമ്പള സ്കെയിൽ, 2004 ലെ എട്ടാം ശമ്പള | ഉണ്ട് |

| | |
|---|---|
| പരിഷ്കരണം മുതൽ 2014 ലെ പത്താം ശമ്പള പരിഷ്കരണം വരെയും വി.എച്ച്.എസ്.ഇ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിൽ എച്ച്.എസ്.എ മാരുടെ ശമ്പള സ്കെയിലിന് താഴെയാണ് നിശ്ചയിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | |
| (സി) ഇപ്രകാരം 2004 മുതൽ നിലനിന്ന് പോരുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലിലെ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപാകത പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയുടെ ശമ്പള സ്കെയിലിൽ അപാകതകളൊന്നും നിലനിൽക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**